"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - കോഴിക്കോട് ജില്ല — വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്ത് - 2007-08 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3.6 - തടസ്സപ്പെടുത്തിയ തുക - സാധൂകരണം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ ( എ ബി ) വകുപ്പ്**

സ.ഉ.(സാധാ) നം.1436/2023/LSGD തീയതി,തിരുവനന്തപുരം, 13-07-2023

---

പരാമർശം:- 1. പഞ്ചായത്ത് ഡയറക്ടറുടെ 17.04.2017 ലെ എം3-37544/2016 നമ്പർ കത്ത്.

2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 28.06.2017 ലെ ഡി.കെ.എസ്.എ 5879/പി.റ്റി3/2017 നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ വില്യാപ്പള്ളി ഗ്രാമപഞ്ചായത്തിൽ 2007-08 വർഷം തയ്യാറാക്കിയ 'വീട് അറ്റകുറ്റപ്പണി പദ്ധതി'യിൽ ജനറൽ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുന്നതിന്റെ ഭാഗമായി പത്ത് ലക്ഷം രൂപ ചെലവഴിച്ചിരുന്നു. എന്നാൽ സർക്കാർ സബ്സിഡി മാർഗ്ഗരേഖ പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് മാത്രമേ വീടുകളുടെ അറ്റകുറ്റപ്പണിക്ക് ധനസഹായത്തിന് അർഹതയുള്ളൂ. ടി മാർഗ്ഗരേഖ പ്രകാരം ജനറൽ വിഭാഗത്തിന് പ്രസ്തുത ഇനത്തിൽ ധനസഹായത്തിന് അർഹതയില്ലാത്തതിനാലും വീട് പുനരുദ്ധാരണം എന്ന പദ്ധതിക്കാണ് ഗുണഭോക്താക്കളെ തിരഞ്ഞെടുത്തിരുന്നതെന്നതിനാലും പ്രവർത്തി ആരംഭിക്കുന്നതിന് മുൻപ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നതായി ഓഡിറ്റ് പരിശോധനയിൽ ബോധ്യപ്പെടാത്തതിനാലും ടി ഇനത്തിലുള്ള പത്ത് ലക്ഷം രൂപയുടെ ചെലവ് 2007-08 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.6 പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തിയിരുന്നു .

2. ഇത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിൽ വില്യാപ്പള്ളി ഗ്രാമപഞ്ചായത്തിലെ മുഴുവൻ വാസയോഗ്യമല്ലാത്ത വീടുകളും വാസയോഗ്യമാക്കുക എന്ന മഹത്തായ ലക്ഷ്യം നേടുക എന്ന ഗ്രാമസഭാ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 2006-07 സാമ്പത്തിക വർഷം മുതൽ ഭവനനിർമ്മാണത്തിനും അറ്റകുറ്റപ്പണിക്കും ഊന്നൽ നല്കിക്കൊണ്ട് പദ്ധതി രൂപീകരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണപരമായി തീരുമാനിച്ചിരുന്നെന്ന് അറിയിച്ചിട്ടുണ്ട്. 2006-07 വർഷത്തിൽ തയ്യാറാക്കിയ ഗുണഭോക്തൃലിസ്റ്റിൽ നിന്ന് ആ വർഷം നൽകിയത് കഴിച്ച് ബാക്കി അർഹതപ്പെട്ട മുഴുവൻ ആളുകളുടെ വീടുകളും വാസയോഗ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി 2006-07 സാമ്പത്തിക വർഷത്തെ മാർഗ്ഗരേഖ വരുന്നതിന് മുമ്പ് തന്നെ മോണിറ്ററിംഗ് സമിതി ഗുണഭോക്തൃലിസ്റ്റിലുള്ള എല്ലാ വീടുകളും സന്ദർശിച്ച് വീടിന്റെ അവസ്ഥ നേരിൽ കാണുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കളെ കണ്ടെത്തിയതെന്നും ഗ്രാമസഭ വഴി തെരഞ്ഞെടുത്തിട്ടുള്ള ഗുണഭോക്താക്കൾക്കാണ്

ധനസഹായം നൽകിയിട്ടുള്ളതെന്നും ജനറൽ വിഭാഗത്തിൽ നിന്നും വളരെ നിർദ്ധനരായ ഗുണഭോക്താക്കളെ കണ്ടെത്തി ഗ്രാമസഭയുടെ അംഗീകാരത്തോടെ പ്രസ്തുത പ്രൊജക്ട് നടപ്പിലാക്കിയത് മൂലം പഞ്ചായത്തിലെ പാർപ്പിട പ്രശ്നത്തിന് വലിയൊരളവോളം പരിഹാരം കാണാൻ കഴിഞ്ഞിരുന്നെന്നും അറിയിച്ചിട്ടുണ്ട്. 2007-08 ലെ പ്രോജക്ട് നമ്പർ S1/08 പ്രകാരം 81,117/- രൂപ പദ്ധതി വിഹിതവും 9,18,883/- രൂപ തനത് ഫണ്ട് വിഹിതവും കൂടി 10,00,000/- രൂപയുടെ അടങ്കലുള്ള വീട് അറ്റകുറ്റ പണിക്കായി ധന സഹായം നൽകുന്ന പ്രോജക്ടിൽ പൊതുവിഭാഗം പദ്ധതി വിഹിതമല്ലാതെ SCP ഫണ്ട് വിനിയോഗിച്ചിരുന്നില്ല എന്നും പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഡി.പി.സി. അംഗീകരിച്ച് നടപ്പാക്കിയ ടി പ്രൊജക്റ്റിന് ചെലവഴിച്ച തുകയ്ക്ക് സാധൂകരണം നൽകണമെന്നും പരാമർ ശം (1) പ്രകാരം പഞ്ചായത്ത് ഡയറക്ടർ, ശുപാർശ സമർപ്പിച്ചിട്ടുണ്ട് .

3. വില്യാപ്പള്ളി ഗ്രാമപഞ്ചായത്തിലെ വാസയോഗ്യമല്ലാത്ത മുഴുവൻ വീടുകളും വാസയോഗ്യമാക്കണമെന്ന ഉദ്ദേശ്യത്തോടെ പഞ്ചായത്തിലെ നിർധനരായ ഗുണഭോക്താക്കളെയാണ് പൊതുവിഭാഗത്തിൽ നിന്നും ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റ് പ്രകാരം തെരഞ്ഞെടുത്തിട്ടുള്ളതെന്നും, ടി പദ്ധതി നടപ്പാക്കിയതിലൂടെ പഞ്ചായത്തിലെ പാർപ്പിട പ്രശ്നത്തിന് വലിയൊരളവ് വരെ പരിഹാരമായിട്ടുണ്ടെന്നുമുള്ള ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 18.04.2016-ലെ 18/2016-17 നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും നിലവിൽ പൊതുവിഭാഗത്തിൽപ്പെട്ടവർക്ക് ഭവന പുനരുദ്ധാരണത്തിന് ധനസഹായം അനുവദിക്കാൻ വ്യവസ്ഥയുള്ളതിനാലും സർക്കാർ ഉത്തരവിന് വിരുദ്ധമായി ചെലവഴിച്ച തുകയ്ക്ക് സാധൂകരണം നൽകുന്നതിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് എതിരഭിപ്രായമില്ലെന്ന് പരാമർശം (2) പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട് .

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു . പഞ്ചായത്ത് ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ എന്നിവരുടെ ശുപാർശ പരിഗണിച്ചും പഞ്ചായത്ത് ഭരണസമിതി തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവ കണക്കിലെടുത്തും വീട് അറ്റകുറ്റ പണിക്കായി ധന സഹായം നൽകുന്ന പ്രോജക്ടിൽ പൊതുവിഭാഗം പദ്ധതി വിഹിതമല്ലാതെ SCP ഫണ്ട് വിനിയോഗിച്ചിരുന്നില്ലെന്ന് പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുള്ളതിനാലും വരും വർഷങ്ങളിൽ സർക്കാരിന്റെ മുൻകൂർ അനുമതി കൂടാതെ സബ്സിഡി മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് പദ്ധതികൾ നടപ്പാക്കരുത് എന്നുള്ള കർശന നിർദ്ദേശത്തോട് കൂടി കോഴിക്കോട് ജില്ലയിലെ വില്യാപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2007-08 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.6 പ്രകാരം തടസ്സപ്പെടുത്തിയ 10,00,000/- രൂപയുടെ (പത്ത് ലക്ഷം രൂപ മാത്രം) ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA.R.S.
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് ( റൂറൽ ) തിരുവനന്തപുരം

സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, വില്യാപ്പള്ളി ഗ്രാമപഞ്ചായത്ത്, കോഴിക്കോട്

അക്കൗണ്ടന്റ് ജനറൽ ( എ & ഇ/ഓഡിറ്റ് ) കേരള , തിരുവനന്തപുരം

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം ( തദ്ദേശ സ്വയംഭരണ വകുപ്പിന്റെ

വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )

വെബ് & ന്യൂ മീഡിയ, വിവരപൊതുജന സമ്പർക്ക വകുപ്പ് ( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )

സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ് ( LSGD-AB2/49/2017-LSGD )

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ